പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5220 — 26.03.2018 ൽ മറുപടിക്ക്

# സംസ്ഥാനത്തെ റെയിൽവേ വികസനത്തിനുള്ള ബജറ്റ് വിഹിതം

ചോദ്യം — ശ്രീ.രാജു എബ്രഹാം

മറുപടി — ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

**ചോദ്യം (എ)** സംസ്ഥാനത്തെ റെയിൽപ്പാതയിരട്ടിപ്പിക്കലിനും പുതിയ റെയിൽവേമേൽപാലങ്ങൾക്കും റെയിൽവേസ്റ്റേഷനുകളുടെ വികസനത്തിനുമായി ഇക്കഴിഞ്ഞ കേന്ദ്രബജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കഴിഞ്ഞ മൂന്ന് ബജറ്റുകളിൽ ഇതിനുള്ള വിഹിതം എത്ര വീതമായിരുന്നു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

**മറുപടി (എ)** സംസ്ഥാനത്തെ റെയിൽപ്പാതയിരട്ടിപ്പിക്കലിനും പുതിയ റെയിൽവേമേൽപാലങ്ങൾക്കും റെയിൽവേസ്റ്റേഷനുകളുടെ വികസനത്തിനുമായി ഇക്കഴിഞ്ഞ കേന്ദ്രബജറ്റിൽ നീക്കി വെച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക രൂപയിൽ (കോടി) |
|---|---|
| 2016-17 | 1014.06 |
| 2017-18 | 851.28 |
| 2018-19 | 689.13 |

**ചോദ്യം (ബി)** സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കാര്യമായ ബജറ്റ് പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; വ്യക്തമാക്കാമോ;

**മറുപടി (ബി)** ഉണ്ട്. 2018-19-ലെ കേന്ദ്ര ബജറ്റിൽ സംസ്ഥാനത്തിന് 2017-18 വർഷത്തെ അപേക്ഷിച്ച് 20% കുറവ് വിഹിതമാണ് അനുവദിച്ചിരിക്കുന്നത്. കൂടാതെ പല പദ്ധതികൾക്കും കേരളവും സാമ്പത്തികമായി സഹകരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. (50 ശതമാനത്തോളം). പ്രസ്തുത സമീപനത്തിനെതിരെ എതിർപ്പ് പ്രകടമാക്കിക്കൊണ്ട് കേരളത്തിന്റെ റെയിൽവേ വകുപ്പ് മന്ത്രി കേന്ദ്ര റെയിൽ മന്ത്രിക്ക് കത്ത് നൽകിയിട്ടുണ്ട്.

**ചോദ്യം (സി)** സംസ്ഥാനത്തിലൂടെ സർവ്വീസ് നടത്തിവരുന്ന ദീർഘദൂര ട്രെയിനുകളുടെ ബോഗികളും കോച്ചുകളും പഴകി ദ്രവിച്ചതും ഏതാണ്ട് ഉപയോഗശൂന്യവുമാണെന്നിരിക്കേ,

**മറുപടി (സി)** പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനും റെയിൽവേ യാത്രക്കാരുടെ, പ്രത്യേകിച്ചും വനിതായാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സമ്പൂർണ്ണ

| | |
|---|---|
| ഇതു മാറ്റി ഇവയ്ക്ക് പകരം പുതിയ കോച്ചുകൾ ലഭ്യമാക്കുന്നതിൽ വരുത്തുന്ന കാലവിളംബം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | വെളിയിട വിസർജ്ജന വിമുക്തമായി പ്രഖ്യാപിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തിലൂടെ ഓടുന്ന ട്രെയിനുകളിൽ ബയോ ടോയ്-ലറ്റുകൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ബഹു. മുഖ്യമന്ത്രിയും, റെയിൽവേ മന്ത്രിയും കത്തുകൾ അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ